LIBRARY ARCHIVES Kerala Legislative Assembly

## സബ്സിഡി നിരക്കിൽ ഭക്ഷ്യവസ്തുക്കൾ

315 (1746) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്കും അനാഥാലയങ്ങളിലെ അന്തേവാസികൾക്കും, സബ്സിഡി നിരക്കിലും സൗജന്യമായും, റേഷൻ ഭക്ഷ്യവസ്തുക്കളും, മണ്ണെണ്ണയും പാചക വാതകവുമുൾപ്പെടെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനു വേണ്ട മാനദണ്ഡങ്ങൾ വിശദമാക്കുമോ?

### ഉത്തരം

(എ) അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് വെൽഫെയർ സ്കീം പ്രകാരം അരി സൗജന്യമായും ഗോതമ്പ് ബി.പി.എൽ. നിരക്കിലും വിതരണം ചെയ്യുന്നു. ആദിവാസി കുടുംബങ്ങൾ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്. ക്ലാസ്-IV ജീവനക്കാർ വരെയുള്ള ആദിവാസി കുടുംബങ്ങളെ എ.എ.വൈ. പട്ടികയിൽ ഉൾപ്പെടുത്തി ഇവർക്ക് സൗജന്യമായി ഭക്ഷ്യധാന്യ വിതരണം നടത്തുന്നുണ്ട്. പ്രകൃതിക്ഷോഭം തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ ആദിവാസി കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ സൗജന്യമായും അനുവദിക്കാറുണ്ട്. മണ്ണെണ്ണ, പാചക വാതകം എന്നിവ നിലവിൽ ഇത്തരം വിഭാഗങ്ങൾക്ക് പ്രത്യേക സബ്സിഡി നിരക്കിൽ നല്കുന്നില്ല.

(ബി) സംസ്ഥാനത്തെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഉള്ളതോ സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരം ഉള്ളതോ ആയ അനാഥാലയങ്ങളെയാണ് വെൽഫെയർ സ്കീമിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യ വിതരണം നല്കി വരുന്നത്.

## സ്കൂൾ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരി

316 (1747) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരി ഗ്രേഡ് എ ക്വാളിറ്റി തന്നെയാണെന്ന് ഉറപ്പ് വരുത്താൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(ബി) ഗ്രേഡ് എ ക്വാളിറ്റിക്ക് പകരം, നിലവാരം കുറഞ്ഞ അരിയാണ് സ്കൂളുകളിൽ എത്തുന്നതെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?